## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2386 05.02.2018-ലെ മറുപടിയ്ക്ക്

## കൗമാരക്കാരായ കുട്ടികളുടെ കായികക്ഷമത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൗമാരക്കാരായ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി മുഴുവൻ കായികാദ്ധ്യാപക തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളതിനു പുറമെ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ വഴി പാർട്ട് ടൈം കായിക അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും യോഗാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ മാന്വൽ പരിഷ്കരിച്ച് പുതിയ കായിക ഇനങ്ങൾകൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ കായിക ക്ഷമത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായിക ക്ഷമത മിഷൻ "<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിയ്ക്കുന്നതാണ്.<br>➢ നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| | | | ➢ 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലം<br>➢ യുവജനങ്ങൾ മുതൽ · മുതിർന്ന പൗരൻമാർ വരെ<br>ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നു വരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലനപരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.<br>വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പിന് കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**